A3/141/2023-CLAD
**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തു വരവെ 08.04.2021-ൽ മരണപ്പെട്ട സന്തോഷ് കുമാർ ജി.-യുടെ ഭാര്യ ശ്രീമതി രജനി ആർ.-ന് കെ.എസ്.എഫ്.ഡി.സി.-യിൽ ഹെൽപ്പർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള അനുമതി കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.57/2026/CLAD തീയതി, തിരുവനന്തപുരം, 21-01-2026

പരാമർശം:-
1. സ.ഉ.(പി) നം.576/2025/CLAD തീയതി 11.10.2025.
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.10.2023 തീയതിയിലെ 1864/ഇ2/14/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10.11.2025 തീയതിയിലെ DCTVM/13504/2023-S6 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തു വരവെ 08.04.2021-ൽ മരണപ്പെട്ട സന്തോഷ് കുമാർ ജി.-യുടെ ഭാര്യയായ ശ്രീമതി രജനി ആർ.-ന് ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി രജനി ആർ.-ന് ഹെൽപ്പർ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് പരാമർശം (2) കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി രജനി ആർ.-ന്റെ അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീമതി രജനി ആർ. കേരള സംസ്ഥാന ചലച്ചിത വികസന കോർപറേഷനിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തു വരവെ 08/04/2021 തീയതിയിൽ മരണപ്പെട്ട സന്തോഷ് കുമാർ ജി.-യുടെ ഭാര്യയാണ്. സേവന സാക്ഷ്യപത്രം പ്രകാരം മരണപ്പെട്ട ജി.സന്തോഷ് കുമാറിന്റെ ജനന തീയതി 04/05/1976-ഉം മരണ തീയതി 08/04/2021-ഉം ആണ്. ടിയാൻ 05/02/2004-ൽ ജോലിയിൽ പ്രവേശിച്ചു. പരേതന്റെ സേവനകാലം 15 വർഷം ആണ്. തിരുവനന്തപുരം തഹസിൽദാർ നൽകിയ അനന്തരവകാശ സാക്ഷ്യപത്രം പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരവകാശികൾ താഴെപ്പറയുന്നവർ ആണ്.

| ക്രമ നമ്പർ | പേര് | വയസ്സ് | പരേതനുമായുള്ള ബന്ധം |
|---|---|---|---|
| 1 | രജനി.ആർ | 37 | ഭാര്യ |
| 2 | രാഗിണി.ഒ. | 65 | മാതാവ് |

3. അപേക്ഷകയുടെ ജനനതീയതി 03/05/1988 ആണ്. എസ്.എസ്.എൽ.സി / സ്കൂൾ

സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷാകക്ഷിക്ക് 37 വയസ്സുണ്ട്. അപേക്ഷക പ്യൂൺ/ കൗണ്ടർ ക്ലാർക്ക്, ഹെൽപ്പർ എന്നീ തസ്തികയിലുള്ള നിയമനത്തിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. അപേക്ഷ സമർപ്പിച്ച തീയതി 11/10/2021-ഉം അപേക്ഷ സാധുവായ തീയതി 29/09/2025-ഉം ആണ്. അപേക്ഷക പ്ലസ് ടു പരീക്ഷ വിജയിച്ചിട്ടുണ്ട്. അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം 60,000/- (അറുപതിനായിരം രൂപ മാത്രം) രൂപയാണ്.

**4.** മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരിൽ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സികരിക്കുകയോ ചെയ്തിട്ടില്ലായെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരവകാശസാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രം നൽകിയിട്ടുണ്ട്. സമാശ്വാസ പദ്ധതി പ്രകാരം അപേക്ഷകയ്ക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ ആശ്രിതനിയമനത്തിനുള്ള അപേക്ഷ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എം.ഡി.-യുടെ റിപ്പോർട്ടിന്റെയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തു വരവെ 08.04.2021-ൽ മരണപ്പെട്ട സന്തോഷ് കുമാർ.ജി.-യുടെ ഭാര്യയായ ശ്രീമതി രജനി ആർ-ന് ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിലവിൽ ഒഴിവുള്ള ഹെൽപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, വൈദ്യപരിശോധന സർട്ടിഫിക്കറ്റ് തുടങ്ങിയവ ചട്ടപ്രകാരം പരിശോധിച്ച ശേഷം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ ഈ നിയമനം സംബന്ധിച്ച ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മേൽ നിയമനം റദ്ദാക്കുവാൻ നിയമനാധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡയറക്ടർ , സാംസ്കാരിക വകുപ്പ് , തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ശ്രീമതി രജനി ആർ., മേക്കോണത്ത് ചിറക്കര പുത്തൻ വീട്, പാങ്ങപ്പാറ പി.ഒ. തിരുവനന്തപുരം - 695581

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തി കാര്യ (ബി പി ഇ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 22-01-2026 11:46:08

സെക്ഷൻ ഓഫീസർ